8. കഴിഞ്ഞ നാലര വർഷക്കാലയളവിനുള്ളിൽ മത്സ്യഫെഡ് ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവർത്തികളും അവയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:

ക്രമനമ്പർ	പദ്ധതിയുടെ പേര്	ചിലവഴിച്ചതുക (രൂപ ലക്ഷത്തിൽ)
1	മത്സ്യബന്ധനോപകരണ വായ്പ	276.04
2	മൈക്രോഫിനാൻസ് വായ്പ	455.35
3	പലിശരഹിത വായ്പ	255.70
4	എസ്.ജി.എസ്.വൈ. പദ്ധതി	10.67
5	ടേംലോൺ	14.50
6	സുനാമി അടിയന്തിര സഹായ പദ്ധതി-മത്സ്യവിപണനത്തിന് വാഹനം	5.96
7	സുനാമി പുനരധിവാസ പദ്ധതി-മത്സ്യ വിപണനത്തിന് വാഹനം	11.24
8	സുനാമി അടിയന്തിര സഹായ പദ്ധതി-ഫിഷ്കിയോസ്ക്	2.76
9	സുനാമി അടിയന്തിര സഹായ പദ്ധതി-പ്രവർത്തന മൂലധനം	64.67
	ആകെ	1096.89

മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ, അക്വേറിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

231(523) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ സ്ഥാപിക്കുന്ന മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ, അക്വേറിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഇതിനായി എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഇതുവരെ എന്തു തുക ചെലവഴിച്ചു;

(സി) അന്താരാഷ്ട്ര നിലവാരമുള്ള മികവിന്റെ കേന്ദ്രങ്ങളായി ഈ സ്ഥാപനങ്ങളെ മാറ്റുന്നതിനുള്ള എന്തൊക്കെ നിർദ്ദേശങ്ങളാണ് നടപ്പിലാക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊച്ചിയിൽ ഒരു മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷൻ, ഓഷ്യനേറിയം,അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള ലാന്റ് റിക്ലമേഷൻ പണികൾ പൂർത്തിയായി. ഡെവലപ്പർമാരെ ക്ഷണിക്കുന്നതിനുള്ള ആഗോള ടെണ്ടർ നടപടികൾ ആരംഭിച്ചു. 3 ഘട്ടങ്ങളിലായി പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഓഷ്യനേറിയവും ജീവശാസ്ത്ര ഗവേഷണ കേന്ദ്രവും സ്ഥാപിക്കുന്നതിന് തുടക്കത്തിൽ ഏഴു പ്രൊമോട്ടർമാർ ഉൾപ്പെടുന്ന കമ്പനി രൂപവത്ക്കരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇൻഡ്യയിൽ തന്നെ ആദ്യമായി സ്ഥാപിക്കുന്ന ഈ പദ്ധതിയുടെ അടങ്കൽ തുക 450 കോടി രൂപയാണ്. 3.90 കോടി രൂപ ഇതിനോടകം ചെലവായിട്ടുണ്ട്.

(സി) അന്തരാഷ്ട്ര നിലവാരമുള്ള മികവിന്റെ കേന്ദ്രങ്ങളായി ഈ സ്ഥാപനങ്ങളെ മാറ്റുന്നതിന് ഓഷ്യനേറിയത്തിൽ മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷൻ, ഓഷ്യനേറിയം, മ്യൂസിയം, ഗവേഷണത്തിനും പരിശീലനത്തിനുമുള്ള സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമായിരിക്കും. ഓഷ്യനേറിയത്തിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആംഫിതിയേറ്റർ, കൺവെൻഷൻ സെന്റർ എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾ ഉണ്ട്. ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ആഗോള ടെണ്ടറുകൾ ക്ഷണിച്ചു. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി രൂപീകരിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.

വാഴാനി ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ

232 (524) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി വാഴാനി ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ അക്വേറിയം ആരംഭിക്കുന്നതിന് ആർ.കെ.വി.വൈ. സ്കീമിൽ എത്ര തുക ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പദ്ധതി എന്നേയ്ക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 50 ലക്ഷം രൂപ.

(ബി) തൃശ്ശൂർ ജില്ലയിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി വാഴാനിയിൽ അക്വേറിയം സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്യപ്പെട്ട സ്ഥലം ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് ലഭ്യമാക്കുന്നതിന് വടക്കാഞ്ചേരി എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ വാഴാനി ഇറിഗേഷൻ വകുപ്പ് ആഫീസിൽ വച്ച് 29-11-2010-ന് ഒരു യോഗം നടത്തിയിട്ടുണ്ടായിരുന്നു. പ്രസ്തുത യോഗത്തിൽ ടി അക്വേറിയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ സർവ്വേ തലപ്പള്ളി താലൂക്ക് ആഫീസിൽ നിന്നും നടത്തി ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ വാഴാനി ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി തീരുമാനമായിട്ടുണ്ടായിരുന്നു. ആയത് അനുസരിച്ച് ഇറിഗേഷൻ വകുപ്പിൽ നിന്നും നടപടി സ്വീകരിച്ചുവരുന്നു.